**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം- കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ നളിനി എം. ന്റെ മകളും ആശ്രിതയുമായ ശ്രീമതി.ജി.സുശീലയ്ക്ക് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ. ഉ.(എം.എസ്) നം.**65/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം,24/**05/2016.**

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ജി.ഒ.(പി) നം.14/10/പി & എ ആർ.ഡി തീയതി, 12/04/2010.
3) ശ്രീമതി. ജി. സുശീല, പാറമുകളിൽ പുത്തൻവീട്,പുളിമാത്ത്,തിരുവനന്തപുരം,പിൻ-695612- ന്റെ11/06/2014-ലെ അപേക്ഷ.
4) കൊല്ലം തഹസിൽദാരുടെ 01/10/2015-ലെ 42105/15/B7/K.Dis നം.കത്ത്.
5) പഞ്ചായത്ത് ഡയറക്ടറുടെ 07/10/2014- ലെ ഇ 7-28473/2014 നമ്പർ കത്ത്.
6) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21/12/2015 ലെ എസ് 6-36331/2015/DDis നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ നളിനി എം. ന്റെ മകളും ആശ്രിതയുമായ ശ്രീമതി.ജി.സുശീല സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചു.

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായിരിക്കെ 24/01/2014 ലാണ് നളിനി. എം നിര്യാതയാവുന്നത്. അപേക്ഷകയായ ശ്രീമതി.ജി.സുശീല പരേതയുടെ മകളാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 10/04/1974 ആണ്.42 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്. പരേതയായ നളിനി എം ന് 08 വർഷവും 08 മാസവും 15 ദിവസവും സേവനകാലമുണ്ട്. അപേക്ഷക വിവാഹശേഷവും പരേതയുടെ ആശ്രിത യായിരുന്നുവെന്ന് പരാമർശം (4) പ്രകാരം കൊല്ലം താലൂക്ക് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ നളിനി എം ന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ

തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, [illegible] സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 48000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും തിരുവനന്തപുരം ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ നളിനി. എം ന്റെ മകളും ആശ്രിതയുമായ ശ്രീമതി.ജി.സുശീലയ്ക്ക് പരാമർശം (1),(2)- ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പഞ്ചായത്ത് വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ളതോ/അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ എൽ.ഡി. ക്ലാർക്കായി നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ അപേക്ഷകയ്ക്ക് നിയമനം നൽകേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്.

അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നുവെന്ന് ഉത്തരവ് പുറപ്പെടുവിച്ചശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകി ക്കൊണ്ടു ള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിന് സർക്കാരിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കു ന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ.വി**

ഗവ. ജോയിൻറ് സെക്രട്ടറി

ശ്രീമതി. ജി. സുശീല, പാറമുകളിൽ പുത്തൻവീട്.പുളിമാത്ത്,തിരുവനന്തപുരം.,പിൻ- 695612(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ രേഖകളും സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം/കൊല്ലം
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം. ഇ-19/ഇപിഎ 3/2016/തസ്വഭവ.)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ